കേരള കലാമണ്ഡലത്തിലെ വൈസ് പ്രിൻസിപ്പാളിന്റെ നിയമനം

9 (1989) ശ്രീമതി ആർ. ലതാദേവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള കലാമണ്ഡലത്തിൽ അടുത്തകാലത്ത് വൈസ് പ്രിൻസിപ്പാളിന്റെ തസ്തികയിലേക്ക് നിയമനം നടത്തിയോ എന്ന് അറിയിക്കുമോ ;

(ബി) എങ്കിൽ ആരെയാണ് നിയമിച്ചതെന്നും എന്ത് മാനദണ്ഡം ആണ് അവലംബിച്ചതെന്നും വ്യക്തമാക്കുമോ ;

(സി) കഥകളി വേഷത്തിന്റെ സീനിയർ മോസ്റ്റ് പ്രൊഫസർ ആരാണ് എന്ന് വ്യക്തമാക്കുമോ ;

(ഡി) ഇദ്ദേഹം കോടതിയെ സമീപിക്കേണ്ട സാഹചര്യം ഉണ്ടായിട്ടുണ്ടോ ; എങ്കിൽ കാരണം വിശദമാക്കുമോ ?

ഉത്തരം

(എ&ബി) കഥകളി വേഷം പ്രൊഫസറായ ശ്രീ. എം. രാജശേഖരനെ വൈസ് പ്രിൻസിപ്പാളിന്റെ ചുമതല താൽക്കാലികമായി ഏല്പിച്ചിട്ടുണ്ട്. സീനിയോറിറ്റിയാണ് ഇതിനുള്ള മാനദണ്ഡം.

(സി) ശ്രീ. എം. രാജശേഖരനാണ് കഥകളി വേഷത്തിന്റെ സീനിയർ മോസ്റ്റ് പ്രൊഫസർ.

(ഡി) ശ്രീ. രാജശേഖരൻ കോടതിയെ സമീപിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിലെ പ്രൊഫസർമാർ തമ്മിലുള്ള സീനിയോറിറ്റിയാണ് തർക്കം. ഈ പ്രൊഫസർമാരുടെ സീനിയോറിറ്റി തർക്കം പരിശോധിച്ച് രണ്ട് മാസത്തിനുള്ളിൽ ഉചിതമായ തീരുമാനമെടുക്കാൻ കേരള കലാമണ്ഡലം സെക്രട്ടറിയോട് കോടതി നിർദ്ദേശിച്ചിട്ടുണ്ട്.

ഫിലിം ഫെസ്റ്റിവൽ

10 (1990) ശ്രീ. പി. പി. സുലൈമാൻ റാവുത്തർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നതിന്റെ മാനദണ്ഡം എന്താണെന്നും ആരുടെ ചെലവിലാണ് നടത്തുന്നതെന്നും വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ഫെസ്റ്റിവലുകൾ നടത്തിയെന്നും ഓരോന്നിനും എന്തു തുക ചെലവായെന്നും അതിൽ സംസ്ഥാന സർക്കാരിന് മാത്രം ചെലവായതെത്രയാണെന്നും വ്യക്തമാക്കാമോ ;

(സി) ഫിലിംഫെസ്റ്റിവലുകളും അനുബന്ധിച്ചുള്ള ചലച്ചിത്രാവബോധ ശില്പശാലകളും എല്ലാ ജില്ലകളിലുമായി വികേന്ദ്രീകരിച്ച് നടത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ സാംസ്കാരിക നയത്തിന്റെ ഭാഗമായിട്ടാണ് ഫിലിം ഫെസ്റ്റിവലുകൾ നടത്തുന്നത്. സിനിമ എന്ന മാദ്ധ്യമത്തെ പ്രോൽസാഹിപ്പിക്കുകയും ജനങ്ങളിൽ സിനിമയെക്കുറിച്ച് കൂടുതൽ അവബോധം സൃഷ്ടിക്കുകയും ചെയ്യുകയെന്നതാണ് ഫിലിം ഫെസ്റ്റിവലുകൾ കൊണ്ടുദ്ദേശിക്കുന്നത്. ഇതിനുവേണ്ടി പ്രധാന ചെലവ് വഹിക്കുന്നത് സംസ്ഥാന സർക്കാരാണ്.

(ബി) 1. 1997 ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് ഇന്ത്യ. ആകെ ചെലവ് 1,12,31,305.46 രൂപ. സർക്കാർ ചെലവ് 80,00,000 രൂപ.

2. 1998 ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള. ആകെ ചെലവ് 65,68,000 രൂപ. സർക്കാർ ചെലവ് 50,00,000 രൂപ.

3. 1999 ഇന്റർനാഷണൽ ഫിലിം ഫെസ്റ്റിവൽ ഓഫ് കേരള. ആകെ ചെലവ് 1,31,17,057 രൂപ. സർക്കാർ ചെലവ് 1,14,48,109 രൂപ. ഇതു കൂടാതെ ആലപ്പുഴയിലും കോഴിക്കോട്ടും ഓരോ ബാലചലച്ചിത്രോത്സവങ്ങൾ അതാത് ജില്ലാ പഞ്ചായത്തിന്റെയും ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ടിന്റെയും സഹകരണത്തോടെ നടത്തി. ഇതിനുവേണ്ടി 7,500 രൂപ ചെലവായിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ ചെറുവത്തൂരിൽ ജില്ലയിലെ ചലച്ചിത്ര പ്രവർത്തകരെ പങ്കെടുപ്പിച്ചുകൊണ്ട് ഒരാഴ്ച നീണ്ടുനിന്ന ഒരു ചലച്ചിത്രോത്സവം നടത്തി. ഇതിന് വേണ്ടി 15,000 രൂപ ചെലവായിട്ടുണ്ട്. ജനചിത്ര പരിപാടിയുടെ ഭാഗമായിട്ടുള്ള ഫിലിം ഫെസ്റ്റിവലുകൾ ഫിലിം സൊസൈറ്റികളുമായി സഹകരിച്ച് കൊണ്ട് വിവിധ ജില്ലകളിൽ നടത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തി 249 സ്ക്രീനിംഗ് നടത്തിയതിന് 43.129 രൂപ ചെലവായിട്ടുണ്ട്.

(സി) ഫിലിം ഫെസ്റ്റിവലുകൾ സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലാണ് ഇപ്പോൾ നടത്തിവരുന്നത്. ചലച്ചിത്രാവബോധശില്പശാലകൾ എല്ലാ ജില്ലകളിലും നടത്താൻ കഴിയും.

പുരാവസ്തു സംരക്ഷണം

11 (1991) ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :

ശ്രീ. ഇസ്ഹാക് കുരിക്കൾ :

ശ്രീ. നാലകത്ത് സൂപ്പി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1999 ജൂൺ 23, 24 തീയതികളിലായി പുരാവസ്തു വകുപ്പ് തിരുവനന്തപുരത്ത് നടത്തിയ സാംസ്ക്കാരിക പൈതൃക സംരക്ഷണ നിയമനിർമ്മാണ സെമിനാറിന്റെ വെളിച്ചത്തിൽ പുരാവസ്തു സംരക്ഷണത്തിന് എന്തെങ്കിലും പുതിയ നിയമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly